**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

# പോലീസ് ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *307. 11/11/2019-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | പിണറായി വിജയൻ |
| ശ്രീ.പി.ടി.എ. റഹീം | (മുഖ്യമന്ത്രി) |
| ശ്രീ.എം. നൗഷാദ് | |
| ശ്രീ.പി. ഉണ്ണി | |

| | | | |
|---|---|---|---|
| (എ) | ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിച്ചതും സ്റ്റേഷൻ ഭരണം ഇൻസ്പെക്ടർമാരുടെ ചുമതലയാക്കിയതും പോലീസ് ഭരണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായകരമായിട്ടുണ്ടോ; ഇത് രാജ്യത്തൊട്ടാകെ വ്യാപിപ്പിക്കാനായി കേരള മോഡൽ എന്ന നിലയിൽ അംഗീകാരം നേടിയിട്ടുണ്ടോ; | (എ) | പോലീസ് സ്റ്റേഷൻ ഭരണം ഇൻസ്പെക്ടർമാരുടെ ചുമതലയാക്കിയതുമൂലം കൂടുതൽ പ്രായോഗിക പരിചയവും കൂടുതൽ നിയമജ്ഞാനവുമുള്ള ഉദ്യോഗസ്ഥരുടെ മികച്ച അനുഭവ സമ്പത്തും സേവനവും പോലീസ് സ്റ്റേഷന്റെ ഭരണത്തിനായി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമൂലം പൊതുജനങ്ങളുടെ പരാതി പരിഹാരത്തിന് മറ്റ് സുരക്ഷാ ക്രമീകരണങ്ങൾക്കും കൂടുതൽ സൗകര്യവും ഫലപ്രാപ്തിയും ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ക്രമസമാധാനപാലനവും കുറ്റാന്വേഷണവും എന്ന രീതിയിൽ എസ്.ഐ.മാർക്ക് ചുമതല വിഭജിച്ച് നൽകി. ഇതിലൂടെ അവരുടെ ജോലി ഭാരം കുറയുകയും അവർക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ അവസരമുണ്ടാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭരണപരിഷ്കാരം പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും |

| | | | |
|---|---|---|---|
| | | | കേസുകളിന്മേലുള്ള അന്വേഷണവും ക്രമസമാധാനപാലനവും കൂടുതൽ കാര്യക്ഷമമാക്കുവാനും സാധിച്ചിട്ടുണ്ട്. സംസ്ഥാന പോലീസ് ഇന്ത്യയിലെ ഏറ്റവും മികച്ച പോലീസ് സംവിധാനമായി വിവിധ ഏജൻസികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം മികവ് പുലർത്തുവാൻ സാധിച്ചിട്ടുള്ളത് ദീർഘവീക്ഷണത്തോടു കൂടി നടപ്പിലാക്കിയ സർക്കാരിന്റെ മേൽപ്പറയുന്നതുൾപ്പെടെയുള്ള ഭരണ പരിഷ്കാര നടപടികൾ മൂലമാണ്. |
| (ബി) | പോലീസ് ഉദ്യോഗസ്ഥർ കാര്യക്ഷമതയോടെയും പൊതുജനങ്ങളോട് പരാതിരഹിതമായും പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സ്റ്റേഷൻ പരിശോധനക്ക് പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ടോ; | (ബി) | പോലീസ് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളോട് പരാതി രഹിതമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും പോലീസ് സ്റ്റേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി ഡി.ഐ.ജി. -മാർ, ജില്ലാ പോലീസ് മേധാവികൾ, സബ് ഡിവിഷണൽ പോലീസ് മേധാവികൾ തുടങ്ങി സൂപ്പർവൈസറി ഉദ്യോഗസ്ഥന്മാർ അവരവരുടെ അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ കൂടെ കൂടെ സന്ദർശനങ്ങൾ നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും തിരുത്തൽ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | പോലീസിന്റെ ആധുനികീകരണത്തിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; അതിനായി കേന്ദ്ര സർക്കാരിൽ നിന്നും | (സി) | പോലീസ് സേനയുടെ ആധുനികവൽക്കരണവും നവീകരണവും തദ്വാര ശാക്തീകരണവും ഈ സർക്കാരിന്റെ പ്രഖ്യാപിത നയം ആണ്. 2016-17 സാമ്പത്തിക വർഷത്തിൽ 45 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ |

| | | | |
|---|---|---|---|
| | എന്തെങ്കിലും സഹായം ലഭിക്കുന്നുണ്ടോ; | | സംസ്ഥാന പ്ലാൻ പദ്ധതിയിൽ കേരള സർക്കാർ 53 കോടി രൂപയും പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിരുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ടി ധനസഹായം മൂന്ന് ഇരട്ടിയിലധികമായി ഉയർത്തി ഈ സർക്കാർ 170 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഈ തുക 175 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 'പോലീസ് ആധുനികവൽക്കരണം' പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം മുതൽ ഫണ്ടനുവദിക്കുന്നത് നിർത്തലാക്കുകയുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിൽ 68 കോടിയോളം രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായി അനുവദിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ നടപ്പിലാക്കിയ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ വിശദീകരണക്കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | ആളില്ലാ ഹൈടെക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. കേരളാ പോലീസ് പൊതുജനങ്ങൾക്ക് പരാതി സമർപ്പണത്തിനായി വെർച്വൽ പേലീസ് സ്റ്റേഷൻ (ആളില്ലാ ഹൈടെക് പോലീസ് സ്റ്റേഷൻ) സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ വെർച്വൽ പോലീസ് സ്റ്റേഷൻ സംവിധാനം പ്രവർത്തിക്കുന്നത് 24x7 സർവ്വീസ് |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ആയിരിക്കും. വെർച്ചൽ പേലീസ് സ്റ്റേഷനിൽ പരാതി സമർപ്പിക്കുവാനെത്തുന്ന പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുള്ള ടച്ച് സ്ക്രീൻ കിയോസ്കുകൾ വഴി തങ്ങളുടെ പരാതി സമർപ്പിക്കുവാൻ കഴിയുകയും, പ്രസ്തുത പരാതി സെർവ്വറുകൾ മുഖാന്തിരം അടുത്തുള്ള പോലീസ് സ്റ്റേഷനിലേക്കോ, കൺട്രോൾ റൂമുകളിലേക്കോ എത്തിച്ചേരുകയും ചെയ്യും. പരാതി സ്വീകരിച്ചു കഴിഞ്ഞാൽ പരാതിക്കാരന് പരാതി സ്വീകരിച്ചതായുള്ള മെസ്സേജ് ഫോണിലേയ്ക്ക് ലഭ്യമാക്കുവാനും ഈ സംവിധാനത്തിൽ സൗകര്യം ഉണ്ടായിരിക്കും. |

സെക്ഷൻ ഓഫീസർ